## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.806** — **08/01/2014-ൽ മറുപടിക്ക്**

# മെഡിക്കൽ സർവ്വീസ് കോർപ്പറേഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ. എസ്. സലീഖ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന് വാങ്ങി സൂക്ഷിക്കുന്ന കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ എത്ര സംഭരണശാലകളാണ് നിലവിലുള്ളത്; | (എ) | സർക്കാർ ആശുപത്രികൾക്ക് ആവശ്യമായ മരുന്ന് വാങ്ങി സൂക്ഷിക്കുന്നതിനായി കേരളാ മെഡിക്കൽ സർവ്വീസ്സസ് കോർപ്പറേഷന്റെ കീഴിൽ 26 സംഭരണശാലകളാണ് നിലവിലുള്ളത്. |
| (ബി) | സംഭരണശാലകൾ ഏതെങ്കിലും നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ; | (ബി) | നിലവിൽ സംഭരണശാലകൾ ഒന്നും തന്നെ നിർത്തലാക്കാൻ കോർപ്പറേഷൻ ഉദ്ദേശിച്ചിട്ടില്ല. സർക്കാർ ഉടമസ്ഥതയിലുള്ള സംഭരണശാലകൾ വിപുലീകരിക്കുന്നതിനനുസരിച്ച് വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സംഭരണശാലകൾ നിർത്തലാക്കുന്നതാണ്. |
| (സി) | മരുന്ന് സംഭരണവും വിതരണവും സ്വകാര്യ മരുന്ന് കമ്പനികളെ നേരിട്ട് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുവോ; വ്യക്തമാക്കുമോ; | (സി) | ഇല്ല. |
| (ഡി) | ഇത്തരത്തിൽ സംഭരണശാലകൾ പൂട്ടിയാൽ എത്ര പേർക്ക് തൊഴിൽ നഷ്ടമാകുമെന്ന് വ്യക്തമാക്കുമോ ; | (ഡി) | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ബാധകമല്ല. |
| (ഇ) | 2013-14 നടപ്പു സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അനുവദിച്ച ബജറ്റ് വിഹിതം എത്രയാണെന്നും എന്തു തുക ഇതു വരെ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ? | (ഇ) | 2013-14 സാമ്പത്തിക വർഷം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് 245 കോടി രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. നടപ്പ് സാമ്പത്തിക വർഷം മേൽ തുകയിൽ നിന്നും 85 കോടി രൂപ KMSCL-ന് ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 160 കോടി രൂപ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ